**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **24-06-2024 - ൽ മറുപടിയ്ക്ക്**

**നാട്ടുകാണി അപ്പാരൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച നാട്ടുകാണി അപ്പാരൽ പാർക്കിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ; | (എ) | പദ്ധതിയ്ക്കായി കിൻഫ്രാ പാർക്കിൽ 8.43 ഏക്കർ ഭൂമി ലീസ് വ്യവസ്ഥയിൽ (30 വർഷത്തേയ്ക്ക്) കെ.എസ്.റ്റി.സി ക്ക് കൈമാറിയിരുന്നു.<br><br>ടി പദ്ധതിയ്ക്കായി 11.50 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 1.67 കോടി രൂപ ഉപയോഗിച്ച് മെഷിനറി വാങ്ങി നിലവിലുള്ള കെട്ടിടത്തിൽ സ്ഥാപിച്ചിരുന്നു. എന്നാൽ പദ്ധതി പ്രാവർത്തികമാക്കാൻ പ്രസ്തുത കെട്ടിടം അപര്യാപ്തമായതിനാൽ പുതിയ കെട്ടിടത്തിനായി സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൊതുമരാമത്ത് വകുപ്പിനെ ഏല്പിക്കുകയും 9.05 കോടി രൂപ പൊതുമരാമത്ത് വകുപ്പിനു കൈമാറിയിരുന്നു. അനുയോജ്യമായ കൺസൾട്ടന്റിന്റെ അഭാവത്താൽ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട വിശദവിവരങ്ങൾ നൽകുവാൻ കെ.എസ്.റ്റി.സി യ്ക്ക് സാധിച്ചില്ല. ശേഷം 2023 ജനുവരി മാസത്തിൽ കൺസൾട്ടന്റിനെ നിയോഗിക്കുകയും തുടർന്ന് കൺസൾട്ടന്റിന്റെ നിർദ്ദേശ പ്രകാരം പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. അനുമതി നൽകിയ ശേഷം 3 വർഷം പിന്നിട്ടതിനാൽ പൊതുമരാമത്ത് വകുപ്പ് പുതുക്കിയ എസ്റ്റിമേറ്റ് നൽകി. അതുപ്രകാരം 56.71 കോടി രൂപയായി പദ്ധതി ചെലവ് ഉയർന്നതിനാൽ പ്രോജക്ട് ലാഭകരമല്ലെന്ന് കണ്ട് പദ്ധതി പ്രായോഗികമാക്കുന്നതിന്, അനുയോജ്യമായ ഫണ്ടിംഗിൽ ഉചിതമായ ഏജൻസിയെ നിയമിച്ചുകൊണ്ട് പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് കെ.എസ്.റ്റി.സി യ്ക്ക് സർക്കാർ നിർദ്ദേശം നൽകി. തുടർന്ന് സിവിൽ, ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി Expression of Interest (EOI) ക്ഷണിച്ച് M/s Habitat Technology Group, TVM നെ പ്രോജക്ട് കൺസൾട്ടന്റായി കെ. എസ്.റ്റി.സി നിയോഗിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 8 കോടി രൂപ ബജറ്റിൽ |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതിയുടെ നിർമ്മാണത്തിനായുള്ള പ്ലാനും റിവൈസ്ഡ് എസ്റ്റിമേറ്റും ലഭ്യമാകാത്തതിനാൽ തുക റിലീസ് ചെയ്തിരുന്നില്ല |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 മാർച്ച് മാസത്തിൽ സിവിൽ, ഇലക്ട്രിക്കൽ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിരുന്നുവെങ്കിലും, അനുയോജ്യമായ കൺസൾട്ടന്റിന്റെ അഭാവത്താൽ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട വിശദവിവരങ്ങൾ നൽകുവാൻ കെ.എസ്.റ്റി.സി യ്ക്ക് സാധിച്ചില്ല. ശേഷം 2023 ജനുവരി മാസത്തിൽ കൺസൾട്ടന്റിനെ നിയോഗിക്കുകയും തുടർന്ന് കൺസൾട്ടന്റിന്റെ നിർദ്ദേശ പ്രകാരം പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. പദ്ധതി തുക നിർണ്ണയിച്ച് മൂന്ന് വർഷം പിന്നിട്ടതിനാൽ പ്രവർത്തി തുകയുടെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് 2023 സെപ്റ്റംബറിൽ കെ.എസ്.റ്റി.സി യ്ക്ക് സമർപ്പിച്ചു. PWD എസ്റ്റിമേറ്റ് തുകയ്ക്ക് പദ്ധതി പ്രായോഗികമാകാത്തതിനാൽ നിർമ്മാണ പ്രവർത്തികൾക്ക് പ്രോജക്റ്റ് കൺസൾട്ടന്റായി M/s Habitat Technology Groupനെ 2023 നവംബർ മാസത്തിൽ നിയോഗിക്കുകയും തുടർന്ന് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 36.93 കോടി രൂപയുടെ പദ്ധതി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.<br>ഒരു Special Purpose Vehicle (SPV) മുഖാന്തിരം പദ്ധതി സജ്ജമാക്കുന്നതിനും PPP രീതിയിൽ BOT അടിസ്ഥാനത്തിൽ ആയത് നടപ്പിലാക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ